DESPATCHED
On.01/01/22

16/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.480(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4491/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി:18.12.2021

ശ്രീമതി. രമണി ഷാജി,
പുത്തൻ വീട്,
കൂത്താട്ടുകുളം തെക്ക്,
ചിറ്റാർ പി.ഒ., പത്തനംതിട്ട } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
താലൂക്ക് സപ്ലൈ ഓഫീസർ,
താലൂക്ക് സപ്ലൈആഫീസ്, കോന്നി,
പത്തനംതിട്ട
2. അപ്പീൽ അധികാരി &
ജില്ലാ സപ്ലൈ ഓഫീസർ,
ജില്ലാ സപ്ലൈആഫീസ്, കോന്നി,
പത്തനംതിട്ട } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10.03.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.12.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10.12.2021 റസ്റ്റ് ഹൗസ് തിരുവല്ല |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീമതി. രമണി ഷാജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി ലഭ്യമാക്കിയ മറുപടിയും തൃപ്തികരമല്ലെന്നും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരി 10.03.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഹർജികക്ഷി പത്തനംതിട്ട കോന്നി താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും തന്റെ റേഷൻ കാർഡ് നമ്പർ പഴയത് നം.1315039648 പുതിയത് 1373050464 ഉൾപ്പെട്ട റേഷൻകാർഡിൽ നിന്നും ടിയാന്റെ പേര് കുറവ് ചെയ്തുവെന്നും ടി റേഷൻ വിഹിതം നിഷേധിച്ചത് എന്തു കാരണം കൊണ്ടാണെന്നുമാണ്. ആയതിന് ഒന്നാം എതിർകക്ഷി 28.10.2020 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, കോന്നി താലൂക്ക് സപ്ലൈ ആഫീസിൽ 1373050464 റേഷൻ കാർഡ് ഉടമയായ ശ്രീമതി. ദീനാമ്മ ഓൺലൈൻ വഴി താങ്കളുടെ പേര് റേഷൻ കാർഡിൽ നിന്നും റാന്നി താലൂക്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അപേക്ഷ നൽകിയിരുന്നു എന്നും ( അപേക്ഷ നം. 1979918 തീയതി 19/01/19) ടി അപേക്ഷ അനുസരിച്ചാണ് ടിയാളുടെ പേര് റാന്നി താലൂക്കിലേക്ക് ട്രാൻസ്ഫർ ചെയ്തതെന്നുമാണ്. ആയതു തൃപ്തികരമല്ലാത്തതിനാൽ ടിയാൾ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. രണ്ടാം എതിർകക്ഷി ടി അപ്പീൽ അപേക്ഷയിന്മേൽ അറിയിച്ചത്, റേഷൻ കാർഡ് ഉടമയായ വ്യക്തി ടി കുടുംബം താമസം മാറി മറ്റൊരു സ്ഥലത്തേക്കു പോയി എന്ന് അറിയിക്കുമ്പോൾ ടി അപേക്ഷയുടെ വെളിച്ചത്തിൽ കാർഡ് ട്രാൻസ്ഫർ ചെയ്തു നൽകുകയാണ് നടപടിക്രമം എന്നും ടിയാൾ മുമ്പ് താമസിച്ചിരുന്ന സ്ഥലത്താണ് താമസമെങ്കിൽ രേഖകൾ സഹിതം അപേക്ഷ കൊടുത്ത് ട്രാൻസ്ഫർ ചെയ്ത് പുതിയ കാർഡ് എടുക്കുന്നതിന് തടസ്സമില്ലാത്തതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 23.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജികക്ഷിയുടെ അപേക്ഷയിലെ ചോദ്യങ്ങളിൽ വ്യക്തത കുറവ് ഉണ്ടായിരുന്നുവെന്നും എന്നാൽ ടിയാൾ ഇത്തരം കാര്യങ്ങളിൽ കാലതാമസം വരുത്തിയതാണ് റേഷൻ വിഹിതം നഷ്ടമാകാൻ കാരണമെന്നും ഇതിൽ ഡിപ്പാർട്ട്മെന്റ് തലത്തിലുളള വിഴ്ചകൾ ഒന്നുംതന്നെ ഉണ്ടായിട്ടുളളത ല്ലെന്നും അംഗീകരിക്കപ്പെട്ടുപോയ ഓൺലൈൻ അപേക്ഷകളുടെ പ്രിന്റ് ഔട്ട് ലഭ്യമാകുന്നതല്ല എന്നും സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് തലത്തിൽ അപേക്ഷ നൽകിയാൽ മാത്രമേ ഇവയുടെ പ്രിന്റ് ഔട്ട് ലഭ്യമാവുകയുളളു വെന്നും സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, വിവിധ ഉത്തരവുകൾ തുടങ്ങി ടി വകുപ്പുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ എല്ലാം തന്നെ civil supplieskerala.gov.in എന്ന വെബ് സൈറ്റ് മുഖേന ലഭ്യമാണെന്നും കാലോചിതമായി വരുത്തുന്ന മാറ്റങ്ങളും പുതിയ നിയമങ്ങളും എല്ലാം തന്നെ ടി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടെന്നും സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ടി വെബ്സൈറ്റ് കൈകാര്യം ചെയ്യുന്നതും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നതും എല്ലാം തന്നെ സംസ്ഥാന തലത്തിലുളള സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ നിന്നാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നില്ല. ടിയാളുടെ അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൾ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം ഉളളതായി അറിയിച്ചതായോ കാണുന്നില്ല. കുടുംബനാഥയായ കാർഡുടമ നൽകിയിട്ടുളള അപേക്ഷയുടെ അടിസ്ഥാനത്തിൽ ആണ് ഹർജികക്ഷിയുടെ പേര് ഒഴിവാക്കിയത് എന്നും അവർ താമസം റാന്നിയിലേക്ക് മാറി എന്നറിയിച്ചതിനാലാണ് അപ്രകാരം റാന്നി താലൂക്കിലേക്കു മാറ്റിയിട്ടുളളത് എന്ന് റിപ്പോർട്ടിലും ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിലും പറഞ്ഞിട്ടുളളത്. ആയതിൽ നിയമപ്രകാരം അപാകത ഒന്നും കമ്മീഷൻ

കാണുന്നില്ല. അപേക്ഷക താമസിച്ചിരുന്ന കോന്നിയിൽ തന്നെയാണ് ഇപ്പോഴും താമസമെങ്കിൽ രേഖകൾ സഹിതം അപേക്ഷ നൽകിയാൽ ട്രാൻസഫർ ചെയ്ത് പുതിയ കാർഡ് എടുക്കുന്നതിന് തടസ്സമില്ലാത്തതാണ് എന്ന് അപ്പീൽ അധികാരി അറിയിച്ചതായും കാണുന്നു. മേപ്പടി സാഹചര്യത്തിൽ ഈ അപ്പീൽ അപേക്ഷയിൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

RIGHT TO INFORMATION